# പതിമൂന്നാം കേരള നിയമസഭാ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2340

23.03.2012-ൽ
മറുപടിയ്ക്ക്

### വാതകപൈപ്പ് ലൈൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) നിർദ്ദിഷ്ട വാതക പൈപ്പ് ലൈനിനുവേണ്ടി നടത്തിയ സർ വ്വേ പ്രകാരം ലൈനിന്റെ അലൈൻ മെന്റ് ജനവാസകേന്ദ്രങ്ങളിലൂടെയാണ് കടന്ന് പോവുന്നത് എന്നതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത് സംബന്ധമായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) നിർദ്ദിഷ്ട വാതക പൈപ്പ് ലൈൻ ജനവാസകേന്ദ്രങ്ങളിൽനിന്നും മാറ്റി കടൽതീരത്ത് കൂടിയാക്കി നിശ്ചയിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) കൊച്ചി-കുറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈനിന്റെ (KKBMPL) അലൈൻ മെന്റ് ഏകദേശം 80% വയലുകളിലൂടെയോ കൃഷി ഭൂമികളിലൂടെയോ ആണ് കടന്നുപോകുന്നത്. ജനവാസ കേന്ദ്രങ്ങൾ പരമാവധി ഒഴിവാക്കിയാണ് അലൈൻ മെന്റ് നിർണ്ണയിച്ചിരിക്കുന്നത്. എന്നിരുന്നാലും സുരക്ഷ ഉറപ്പുവരുത്തുന്നതിനായി അന്തർ ദേശീയമായി അംഗീകരിക്കപ്പെട്ട നിലവാരങ്ങൾക്ക് (ASME Code 31.8b) അനുസൃതമായിട്ടാണ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നത്. പൈപ്പ് ലൈനിന്റെ ഫൈനൽ അലൈൻ മെന്റ് ഭൂവുടമകളുടെ പരാതികൾ കേട്ട് നിയമാനുസൃതമായി തീർപ്പുകൽപ്പിച്ചതിനുശേഷമേ നിർണ്ണയിക്കുകയുള്ളൂ. നിർദ്ദിഷ്ട പൈപ്പ് ലൈൻ കടൽ തീരത്ത് കൂടിയാക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ